ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 08.04.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. നിയമസഭാ തിരഞ്ഞെടുപ്പ് നടക്കുന്ന കേരളം, പുതുച്ചേരി, അസം എന്നിവിടങ്ങളിൽ ഇന്ന് നിശബ്ദ പ്രചാരണം. വോട്ടെടുപ്പ് നാളെ. സുരക്ഷാ സംവിധാനങ്ങൾ ശക്തം.

Silent campaigning today in Kerala, Puducherry, and Assam; polling tomorrow amid tightened security.

2. വോട്ടെടുപ്പിന് പോളിംഗ് ഏജന്റുമാരുടെ ഇരിപ്പിട ക്രമീകരണം സംബന്ധിച്ച് പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറത്തിറക്കിയിട്ടില്ലെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ.

   No new guidelines issued for seating arrangements of polling agents, clarifies Election Commission.

3. രണ്ടാഴ്ചത്തെ വെടിനിർത്തലിന് യുഎസും ഇറാനും ധാരണയിലെത്തി. ഹോർമുസ് കടലിടുക്കിലൂടെ സുരക്ഷിതമായ കപ്പൽഗതാഗതം അനുവദിക്കുമെന്ന് ഇറാൻ.

   US, Iran agree for two-week ceasefire; Iran guarantees safe ship transit through Strait of Hormuz.

4. റിസർവ് ബാങ്കിന്റെ ദ്വൈമാസ പണനയം ഇന്ന് പ്രഖ്യാപിക്കും.

**RBI to announce bi-monthly monetary policy statement today.**

5. **ഏഷ്യൻ ബോക്സിംഗ് ചാമ്പ്യൻഷിപ്പിൽ വിജയക്കുതിപ്പ് തുടർന്ന് ഇന്ത്യ. എട്ട് ഇന്ത്യൻ ബോക്സർമാർ ഫൈനലിൽ.**

**Indian boxers extend winning streak at Asian Championships; eight enter finals.**

❁❁❁❁❁❁❁❁❁❁❁❁❁

## ELECTION - SILENT CAMPAIGNING

കേരളത്തിൽ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പരസ്യപ്രചാരണം പൂർത്തിയായി. ഇന്ന് നിശബ്ദ പ്രചാരണമാണ്. 140 നിയമസഭ മണ്ഡലങ്ങളിലായി 883 സ്ഥാനാർത്ഥികളാണ് ഇക്കുറി ജനവിധി തേടുന്നത്. 2.71 കോടി വോട്ടർമാർ സംസ്ഥാനത്ത് സമ്മതിദാനാവകാശം വിനിയോഗിക്കും. ഈ സമയത്ത് പ്രകടനങ്ങളോ, പൊതുയോഗങ്ങളോ മൈക്ക് കെട്ടിയുള്ള പ്രചാരണമോ പാടില്ല. ജാഥകൾ, ഘോഷയാത്രകൾ, സംഗീത പരിപാടികൾ, നാടകങ്ങൾ തുടങ്ങി വോട്ടർമാരെ ആകർഷിക്കുന്ന തരത്തിലുള്ള മറ്റ് വിനോദ പരിപാടികൾക്കും നിരോധനമുണ്ട്. ടെലിവിഷൻ, സിനിമ തുടങ്ങിയവ വഴിയും റേഡിയോയിലൂടെയുമുള്ള പ്രചാരണങ്ങൾക്കും നിരോധനം ബാധകമാണ്.

❁❁❁❁❁❁❁❁❁❁❁❁❁

## ELECTION-STATE POLICE

നിയമസഭാ തിരഞ്ഞെടുപ്പ് സുഗമവും സുതാര്യവുമായി നടത്തുന്നതിനുള്ള എല്ലാ സുരക്ഷാക്രമീകരണങ്ങളും പൂർത്തിയാക്കിയതായി സംസ്ഥാന പോലീസ് മേധാവി റവാഡാ ചന്ദ്ര ശേഖർ. സംസ്ഥാനം മുഴുവൻ പ്രത്യേക സുരക്ഷാമേഖലകളാക്കി തിരിച്ച് ഉന്നത ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ 76,000 ത്തിലധികം പോലീസ് ഉദ്യോഗസ്ഥരെയാണ് സുരക്ഷയൊരുക്കുന്നതിന് നിയോഗിച്ചിട്ടുള്ളത്. 2,500 പ്രശ്ന ബാധിത ബൂത്തുകളാണ് ഉള്ളത്. ലോക്കൽ പോലീസിനു പുറമേ സ്പെഷ്യൽ യൂണിറ്റുകളെയും ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

## ELECTION-PHONE

നിയമസഭാ തിരഞ്ഞെടുപ്പിനുള്ള വോട്ടെടുപ്പ് ദിവസം പോളിങ് ബൂത്തിനുള്ളിൽ മൊബൈൽ ഫോൺ അനുവദിക്കില്ല. വോട്ടെടുപ്പിൻറെ രഹസ്യ സ്വഭാവം സൂക്ഷിക്കുന്നതിന്റേയും സുരക്ഷാ സംവിധാനങ്ങളുടേയും ഭാഗമായാണ് പോളിങ് ബൂത്തുകളിൽ മൊബൈൽ ഫോണുകൾക്ക് കർശന നിയന്ത്രണം ഏർപ്പെടുത്തുന്നത്. മൊബൈൽ ഫോൺ സൂക്ഷിക്കുന്നതിനായി ചില ജില്ലകളിൽ ഹരിത മൊബൈൽ പൗച്ചുകൾ അവതരിപ്പിക്കാനുള്ള നടപടികളും പുരോഗമിക്കുകയാണ്.

❁❁❁❁❁❁❁❁❁❁❁❁❁

## ECI – POLL AGENTS

വോട്ടെടുപ്പിന് പോളിംഗ് ഏജന്റുമാരുടെ ഇരിപ്പിട ക്രമീകരണം സംബന്ധിച്ച് പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറത്തിറക്കിയിട്ടില്ലെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. വിവിധ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളെ പോളിംഗ് ബൂത്തുകളിൽ ഇരിക്കാൻ അനുവദിക്കില്ലെന്ന് അവകാശപ്പെടുന്ന ചില വാർത്തകൾ പ്രചരിച്ചതിനെ തുടർന്നാണ് വിശദീകരണം. പോളിംഗ് ഏജന്റുമാരെ സംബന്ധിച്ച നിലവിലുള്ള എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും മാറ്റമില്ലാതെ തുടരുമെന്നും കമ്മീഷൻ അറിയിച്ചു.

## INK IT KANNUR (INTRO)

വോട്ടർ ബോധവൽക്കരണത്തിനായുള്ള സ്വീപ്പിന്റെ ഭാഗമായി നടത്തിവരുന്ന ഇങ്ക് ഇറ്റ് കണ്ണൂർ ക്യാമ്പയിനോടാനുബന്ധിച്ച് കണ്ണൂർ ജില്ലയിലെ 11 നിയമസഭ മണ്ഡലങ്ങളിലും ഒരു ബൂത്ത് വീതം വ്യത്യസ്ത തീമിൽ അണിയിച്ചൊരുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

എൻ.എസ്.എസ് വിദ്യാർത്ഥികളാണ് ഓരോ ബൂത്തും തീമനുസരിച്ച് അണിയിച്ചൊരുക്കുന്നത്.

***ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ തയ്യാറാക്കിയ റിപ്പോർട്ട്......***

*(വോയിസ്)*

## ELECTION-OTHER STATE

കേരളത്തിന് പുറമേ, നാളെ വോട്ടെടുപ്പ് നടക്കുന്ന പുതുച്ചേരിയിലും, അസമിലും ഇന്ന് നിശബ്ദ പ്രചാരണമാണ്. അസമിലെ 126 മണ്ഡലങ്ങളിലേക്കും, പുതുച്ചേരിയിലെ 30 മണ്ഡലങ്ങളിലേക്കുമാണ് തിരഞ്ഞെടുപ്പ് നടക്കുന്നത്. ഈ മാസം 23 ന് വോട്ടെടുപ്പ് നടക്കുന്ന തമിഴ്നാട്ടിൽ പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്നലെ നടന്നു. പശ്ചിമ ബംഗാൾ ആദ്യഘട്ട തിരഞ്ഞെടുപ്പിലെ പത്രികകളുടെ സൂക്ഷ്മ പരിശോധനയും ഇന്നലെയായിരുന്നു. ഈ മാസം 23 നും, 29 നും രണ്ട് ഘട്ടങ്ങളായാണ് പശ്ചിമ ബംഗാളിൽ വോട്ടെടുപ്പ്. കേരളമടക്കം തിരഞ്ഞെടുപ്പ് നടക്കുന്ന നാല് സംസ്ഥാനങ്ങളിലും പുതുച്ചേരിയിലും വോട്ടെണ്ണൽ മെയ് നാലിനാണ്.

## ECI - ELECTION VISIT

അസം, കേരളം, പുതുച്ചേരി നിയമസഭകളിലേക്ക് നടക്കാനിരിക്കുന്ന തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് അന്താരാഷ്ട്ര തിരഞ്ഞെടുപ്പ് സന്ദർശക പരിപാടിക്ക് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ന്യൂഡൽഹിയിൽ തുടക്കം കുറിച്ചു. മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ, തിരഞ്ഞെടുപ്പ് കമ്മീഷണർമാരായ എസ്.എസ്. സന്ധു,

വിവേക് ജോഷി എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്തു. രാജ്യത്തെ തിരഞ്ഞെടുപ്പുകളെ കമ്മീഷൻ ജനാധിപത്യത്തിന്റെ ഉത്സവങ്ങളായാണ് കാണുന്നതെന്ന് ശ്രീ ഗ്യാനേഷ് കുമാർ പറഞ്ഞു. ഡൽഹിയിലെ അഞ്ച് വിദേശ നയതന്ത്ര കാര്യാലയങ്ങളിലെ അംഗങ്ങൾ ഉൾപ്പെടെ 23 രാജ്യങ്ങളിലെ 43 പ്രതിനിധികളാണ് ആദ്യഘട്ടത്തിൽ വോട്ടെടുപ്പ് വീക്ഷിക്കാനെത്തുന്നത്.

## WB CEO – PRISONS

നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായി പശ്ചിമ ബംഗാളിൽ ജയിലുകളിലും കറക്ഷണൽ ഹോമുകളിലും കർശന നിരീക്ഷണം നടത്താൻ ഉത്തരവിട്ട് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ. പതിവ് പരിശോധനകൾക്ക് പുറമേ അപ്രതീക്ഷിത പരിശോധനകൾ നടത്താനും നിർദേശമുണ്ട്. മൊബൈൽ ജാമറുകൾ ദിവസേന പരിശോധിക്കണം. സാങ്കേതിക തകരാറുകൾ ഉടനടി പരിഹരിക്കണമെന്നും നിർദേശം.

## RBI – MONETARY POLICY

റിസർവ് ബാങ്കിന്റെ ദ്വൈമാസ പണനയം ഇന്ന് പ്രഖ്യാപിക്കും. ആർബിഐ ഗവർണർ സഞ്ജയ് മൽഹോത്രയാണ് പണനയ സമിതിയുടെ നിർണ്ണായക തീരുമാനങ്ങൾ പ്രഖ്യാപിക്കുന്നത്. സമിതിയുടെ നടപ്പു

സാമ്പത്തികവർഷത്തിലെ ആദ്യ യോഗമാണിത്. പശ്ചിമേഷ്യൻ പ്രതിസന്ധി രൂക്ഷമായ സാഹചര്യത്തിൽ, ആർബിഐ, റിപ്പോ നിരക്ക് 5.25 ശതമാനമായി നിലനിർത്തുമെന്ന് സാമ്പത്തിക വിദഗ്ധർ അഭിപ്രായപ്പെടുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

**IRAN CEASEFIRE (INTRO)**

ഹോർമുസ് കടലിടുക്കിലൂടെ ചരക്ക് ഗതാഗതം അനുവദിച്ചാൽ, ഇറാനുമായി രണ്ടാഴ്ചത്തെ വെടിനിർത്തലിൽ ഏർപ്പെടാൻ തയ്യാറെന്ന് അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ്. ഇറാനെതിരായ ആക്രമണങ്ങൾ നിർത്തിവച്ചാൽ വെടിനിർത്തലിന് സമ്മതിക്കുമെന്ന് ഇറാൻ വിദേശകാര്യ മന്ത്രി അബ്ബാസ് അരാഗ്ചിയും പ്രഖ്യാപിച്ചു. അതേസമയം ഇറാൻറെ പത്ത് നിർദ്ദേശങ്ങൾ യു.എസ്. അംഗീകരിച്ചത് വിജയമെന്ന് ഇറാൻറെ പരമോന്നത ദേശീയ സുരക്ഷാ കൗൺസിൽ അവകാശപ്പെട്ടു.

***വിശദാംശങ്ങളിലേക്ക്.....***
***( വോയിസ്.....)***

❁❁❁❁❁❁❁❁❁❁❁❁❁

**IRAN CEASEFIRE (VOICE)**

യുഎസ് ഇതിനകം സൈനിക ലക്ഷ്യങ്ങൾ നേടിയിട്ടുണ്ടെന്നും സംഘർഷം പരിഹരിക്കപ്പെടാൻ സാധ്യതയുണ്ടെന്നും ട്രംപ് അവകാശപ്പെട്ടു. ഹോർമുസ് വീണ്ടും തുറക്കുന്നത് ഉൾപ്പെടെയുള്ള ആവശ്യങ്ങൾ അംഗീകരിച്ചില്ലെങ്കിൽ, വൈദ്യുത നിലയങ്ങൾ, പാലങ്ങൾ തുടങ്ങിയ പ്രധാന അടിസ്ഥാന സൗകര്യങ്ങൾ ആക്രമിക്കുമെന്ന് ട്രംപ് ഇറാന് മുന്നറിയിപ്പ് നൽകിയിരുന്നു. രണ്ടാഴ്ചത്തേക്ക്, ഹോർമുസ് കടലിടുക്കിലൂടെ സുരക്ഷിതമായ കപ്പൽഗതാഗതം അനുവദിക്കുമെന്ന് ഇറാൻ വിദേശകാര്യ മന്ത്രി അറിയിച്ചു. ഇറാന്റെ സായുധ സേനയുമായി ഏകോപിപ്പിച്ച് നടപടികൾ തീരുമാനിക്കുമെന്നും അദ്ദേഹം പറഞ്ഞു. അതേസമയം സ്ഥിതിഗതികൾ കണക്കിലെടുത്ത് ഇറാനിലുള്ള ഇന്ത്യൻ പൗരന്മാർ സുരക്ഷിത ഇടങ്ങളിൽ തന്നെ തന്നെ തുടരാനും ഇന്ത്യൻ എംബസിയുടെ മാർഗനിർദേശങ്ങൾ പാലിക്കാനും വിദേശകാര്യ മന്ത്രാലയം നിർദ്ദേശിച്ചു. +989128109115, +989128109109, +989128109102, +989932179359 എന്നീ നമ്പറുകളിൽ എംബസിയുമായി ബന്ധപ്പെടാവുന്നതാണ്.

***ന്യൂസ്ഡെസ്ക് ആകാശവാണി....***

## UNSC-VETO

ഹോർമുസ് കടലിടുക്ക് വീണ്ടും തുറക്കുന്നതിനുള്ള യുഎൻ സുരക്ഷാ കൗൺസിലിന്റെ പ്രമേയത്തെ എതിർത്ത് റഷ്യയും ചൈനയും. ബഹ്റൈൻ മുന്നോട്ടുവച്ച പ്രമേയം 15 അംഗ യുഎൻ സുരക്ഷാ കൗൺസിലിൽ 11 അംഗങ്ങൾ

അനുകൂലിക്കുകയും രണ്ട് അംഗങ്ങൾ വിട്ടുനിന്നിൽക്കുകയും ചെയ്തു. വീറ്റോ അധികാരമുള്ള സ്ഥിരാംഗങ്ങളായ റഷ്യയും ചൈനയും പ്രമേയത്തിനെതിരെ വോട്ട് ചെയ്തതിനാൽ പ്രമേയം അംഗീകരിച്ചില്ല.

❁❁❁❁❁❁❁❁❁❁❁❁❁

**POPE–UNACCEPTABLE**

ഇറാനെ തകർക്കുമെന്ന യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ ഭീഷണിയെ വിമർശിച്ച് ലിയോ പതിനാലാമൻ മാർപാപ്പ. പൊതുജന അടിസ്ഥാന സൗകര്യങ്ങൾക്കെതിരായ ഏതൊരു ആക്രമണവും അന്താരാഷ്ട്ര നിയമത്തിന്റെ ലംഘനമാണെന്ന് അദ്ദേഹം പറഞ്ഞു. യുദ്ധം നിർത്താനും സമാധാനത്തിനായി പ്രവർത്തിക്കാനും പോപ്പ് അഭ്യർത്ഥിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**ASIAN BOXING**

മംഗോളിയയിലെ ഉലാൻബത്തറിൽ നടക്കുന്ന ഏഷ്യൻ ബോക്സിംഗ് ചാമ്പ്യൻഷിപ്പിൽ വിജയക്കുതിപ്പ് തുടർന്ന് ഇന്ത്യ. ആറ് വനിതകളും രണ്ട് പുരുഷ താരങ്ങളുമടക്കം ഇന്ത്യയുടെ എട്ട് ബോക്സർമാർ ഫൈനലിൽ കടന്നു. മിനാക്ഷി, ജെയ്സ്മിൻ, വിശ്വനാഥ് സുരേഷ്, സച്ചിൻ തുടങ്ങിയവരാണ് ചാമ്പ്യൻഷിപ്പിൽ രാജ്യത്തിനായി വെള്ളി മെഡൽ ഉറപ്പിച്ചത്.

❁❁❁❁❁❁❁❁❁❁❁❁❁

**IPL 2026**

ഐപിഎൽ ക്രിക്കറ്റിൽ മുംബൈ ഇന്ത്യൻസിനെതിരെ രാജസ്ഥാൻ റോയൽസിന് ജയം. ഇന്നലെ ഗുവാഹത്തിയിൽ നടന്ന മത്സരത്തിൽ മുംബൈയെ 27 റൺസിനാണ് രാജസ്ഥാൻ പരാജയപ്പെടുത്തിയത്. രാജസ്ഥാൻ ഉയർത്തിയ 151 റൺസ് വിജയലക്ഷ്യം പിന്തുടർന്ന മുംബൈക്ക് 9 വിക്കറ്റ് നഷ്ടത്തിൽ 123 റൺസെടുക്കാനെ കഴിഞ്ഞുള്ളൂ. ഇന്ന് ഡൽഹി കാപിറ്റൽസ്, ഗുജറാത്ത് ടൈറ്റൻസിനെ നേരിടും. ഡൽഹിയിൽ രാത്രി 7.30 നാണു മത്സരം.

## WEATHER

സംസ്ഥാനത്ത് താപനില ഉയരുന്നു. പാലക്കാട് ജില്ലയിൽ ഇന്നും നാളെയും താപനില 38 ഡിഗ്രി സെൽഷ്യസ് വരെയും കൊല്ലം, കോട്ടയം, തൃശൂർ ജില്ലകളിൽ 37 ഡിഗ്രി സെൽഷ്യസ് വരെയും ഉയരാൻ സാധ്യതയുണ്ട്. തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം ജില്ലകളിൽ താപനില 36 ഡിഗ്രി സെൽഷ്യസ് വരെ ഉയരാനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി. അതേസമയം മധ്യ- തെക്കൻ ജില്ലകളിൽ ഇടി മിന്നലോട് കൂടിയ ഒറ്റപ്പെട്ട മഴയ്ക്കും കാറ്റിനും സാധ്യതയുണ്ടെന്നും കാലാവസ്ഥാ വിഭാഗം അറിയിച്ചു.